# ഡയറ്റ് മലപ്പുറം - സ്ലേറ്റ് - 2

## മലയാളം - പാഠാസൂത്രണരേഖ (കരട്)



**ക്ലാസ് : 2 യൂണിറ്റ് : 1 എന്റെ കേരളം മൊഡ്യൂൾ 2 ഒരു അവധിക്കാലത്ത**

| | |
|---|---|
| ആമുഖം | നഗരവും ഗ്രാമവും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചുള്ള അനുഭവമാണ് ഈ പാഠഭാഗത്തിന്റെ ഉള്ളടക്കം. നഗരത്തിന്റെ തിരക്കും ഗ്രാമത്തിന്റെ ശാന്തതയും ഇവിടെ ചർച്ച ചെയ്യാനവസരമുണ്ട്. വിവരണം തയ്യാറാക്കലാണ് പ്രധാന വ്യവഹാര രൂപം. വിശേഷണ പദങ്ങൾ ചേർത്തെഴുതുന്നതിനുള്ള അവസരം ഒരുക്കുന്നുണ്ട്. |
| പഠനനേട്ടം | കണ്ടതോ, കേട്ടതോ വായിച്ചതോ ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയുന്നു. സ്വായത്തമാക്കിയ പദങ്ങൾ ഉപയോഗിച്ച് ആശയ പൂർണ്ണതയോടെ വാക്യങ്ങൾ എഴുതുന്നു.<br>ലഘു വിവരണങ്ങൾ വായിച്ച് ആശയം കണ്ടെത്തി പറയുന്നു. ഉച്ചാരണ ശുദ്ധിയോടെ വായിക്കുന്നു. സ്വന്തം ആശയങ്ങൾ ലഘു വാക്യങ്ങളിൽ എഴുതുന്നു. |
| വ്യവഹാര രൂപം | വിവരണം |
| ഭാഷാ വസ്തുത | വിശേഷണം |
| പ്രതീക്ഷിത സമയം | 3 മണിക്കൂർ |
| പ്രവർത്തനങ്ങൾ | 1. വായനയിലേക്ക 2. ചിത്രവായന 3. ആശയഗ്രഹണ ചോദ്യം 4. ശ്രാവ്യ വായന 5. ആശയം ക്രമപ്പെടുത്താം 6. എഴുതാം 7. വാക്യം മാറ്റി എഴുതാം 8. ആശയം ക്രമപ്പെടുത്താം 9. പറയാം എഴുതാം 10. എഡിറ്റിംഗ് 11. വർക്ക്ഷീറ്റ് |
| വായനാസാമഗ്രി | പട്ടണം, ഗ്രാമം |
| പോസ്റ്റർ | കേരളത്തിന്റെ ഭംഗി വിശദമാക്കുന്ന പോസ്റ്റർ |
| സർഗ്ഗവേള | |
| ചുമർ ചിത്രം | നാടും നഗരവും |
| ദിനാചരണം | |
| സി.പി.ടി.എ. | |

**1. വായനയിലേക്ക് (40 മിനിറ്റ്)**

ടീച്ചർ ആമുഖമായി പറയുന്നു.

അഭിനന്ദും നന്ദനയും നല്ല ഉറക്കമാണ്. അമ്മയുടെ വിളിയുടെ ശബ്ദമുയർത്തുമ്പോഴാണ് അവർ ഉണർന്നത്. വേഗം കുളിച്ചു. അമ്മ അപ്പോഴും തിരക്കു കൂട്ടുന്നുണ്ട്. ആറാം നിലയിലെ പടികൾ വേഗത്തിലിറങ്ങി. കാറിനടുത്തെത്തി!... എവിടേക്കായിരിക്കും ഇത്ര ധൃതി പിടിച്ച് പോകുന്നത് ? എന്തെങ്കിലും സംഭവിച്ചുണ്ടാവുമോ?

നിങ്ങളുടെ അഭിപ്രായം എന്താണ് ? കുട്ടികൾ പ്രതികരിക്കുന്ന ടീച്ചർ ബോർഡിൽ എഴുതുന്നു. ശരിക്കും സംഭവിച്ചിട്ടുള്ളത് എന്താണ് ? എങ്ങനെ അറിയാം വായന വ്യക്തിഗതം (പേജ് 10-13) കണ്ടെത്തൽ അവതരണം. മുൻപ് പറഞ്ഞതുമായി തട്ടിച്ചു നോക്കുന്നു.

എന്തുകൊണ്ടാണ് എല്ലാവർക്കും കണ്ടെത്താൻ കഴിയാഞ്ഞത് ? (വാക്കുകളുടെ അർത്ഥമറിയില്ല. ആശയം കാട്ടുന്നില്ല...) എങ്കിൽ അറിയുന്നത്, അറിയാത്തത്, ഇഷ്ടപ്പെട്ടവ (✓, ☒, -) യഥാക്രമം അടയാളപ്പെടുത്തുക.

കുട്ടികൾ സ്വന്തം വായിച്ച് അടയാളപ്പെടുത്തുന്ന (പെൻസിൽ) നാലംഗ ഗ്രൂപ്പിൽ വായിച്ചവതരണം (ഇഷ്ടമായത് വായിച്ച ശേഷം എന്തുകൊണ്ട് ഇഷ്ടമായി എന്നും പറയണം. തുടർന്ന് മന

സ്സിലായവയും മനസ്സിലാവാത്തവയും അവതരണം - ചർച്ച) പിന്നീട് ഗ്രൂപ്പിൽ ഇഷ്ടപ്പെട്ടവ, മനസ്സി ലായവ, മനസ്സിലാകാത്തവ അവതരണം ചർച്ച. അറിയാത്ത പദങ്ങൾ ബോർഡിൽ എഴുതണം അവ യുടെ അർത്ഥം സന്ദർഭത്തിൽ നിന്നും കണ്ടെത്താൻ അവസരമൊരുക്കണം. കണ്ടെത്തിയ ബോർഡിൽ എഴുതണം. കുട്ടികൾ നോട്ടുബുക്കിൽ എഴുതുന്നു എന്ന് ഉറപ്പാക്കണം. തുടർന്ന് ടീച്ച റുടെ ക്രോഡീകരണം.

**പ്രതികരണം പേജിലേക്ക്**

എല്ലാവരേയും വായിക്കാൻ പ്രേരിപ്പിച്ചുവോ ? വായനയിലേക്ക് നയിച്ച തന്ത്രം ഫലം കണ്ടുവോ സന്ദർഭത്തിൽ നിന്ന് വാക്കുകളുടെ അർത്ഥം കണ്ടെത്താന് കുട്ടികൾക്ക് എത്രത്തോളം കഴിയുന്നുണ്ട് ? ഗ്രൂപ്പു പ്രവർത്തനത്തിൽ മാറ്റം എത്ര മാത്രം ?

**2. ചിത്രവായന**

കുട്ടികൾ പേജ് 10, 11 ചിത്രം നിരീക്ഷിക്കട്ടെ, എന്തെല്ലാമാണ് ചിത്രത്തിലുള്ളത് വ്യക്തിഗതമായി എഴുതട്ടെ, എഴുതിയ കാര്യങ്ങൾ കുട്ടികൾ പറയുമ്പോൾ ടീച്ചർ ബോർഡിൽ രേഖപ്പെടുത്തുന്നു. നഗ രവും ഗ്രാമവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുന്നതിന് സഹായകമായ രീതിയിൽ രണ്ടു കോള ങ്ങളിലായി എഴുതുന്നു. എല്ലാ ഗ്രൂപ്പുകളും വായിക്കുന്നു. നോട്ട് ബുക്കിൽ എഴുതുന്നു.

**പ്രതികരണം പേജ്**

ചിത്രവായനയിൽ നേരിട്ട പ്രശ്നങ്ങൾ എന്തെല്ലാം ? പങ്കാളിത്തം ഉറപ്പാക്കിയതെങ്ങനെ ?

**3. ആശയഗ്രഹണ ചോദ്യങ്ങൾ (40 മിനിറ്റ്)**

പാഠഭാഗവും ചിത്രവും വായിച്ചു, വായിച്ച ഭാഗത്തെ ആശയങ്ങൾ എത്രമാത്രം ഉൾക്കൊള്ളാൻ കഴിഞ്ഞ എന്നറിയുന്നതിനുള്ള ചില ചോദ്യങ്ങൾ ടീച്ചർചാർട്ടിൽ എഴുതുന്നു. ചോദ്യ സ്ലിപ്പുകൾ ഒട്ടിക്കുക മാവാം. ആരുടെ വീട്ടിലേക്കാണ് കുട്ടികൾ പോകുന്നത് ? വസ്ത്രങ്ങൾ അടുക്കിവെക്കുന്നതിനിടയി അമ്മ എന്താണ് പറഞ്ഞത് ? ആറാം നിലയിൽ നിന്നും പടികൾ നടന്നിറങ്ങേണ്ടി വന്നത് എന്ത് കൊണ്ട് ? പട്ടണത്തിലൂടെ കാർനീങ്ങിയപ്പോൾ അവർ എന്തെല്ലാം കാഴ്ചകളാണ് കണ്ടത് കാർപാലത്തിലേക്കുകയറിയപ്പോൾ കുട്ടികൾ കണ്ട കാഴ്ചകൾ എന്തെല്ലാം ? കാർ നാട്ടിൻപുറത്തെത്ത എന്നു മനസ്സിലാക്കുന്ന വാർത്തകൾ എന്തെല്ലാം ? കുട്ടകൾ കണ്ടപ്പോൾ അമ്മ എന്താണ് പറഞ്ഞ ഓരോരോ ചോദ്യങ്ങളായി ചാർട്ടിലെഴുതൽ/ഒട്ടിക്കാൻ അവ ചർച്ചചെയ്ത് ശേഷം അടുത്തത് എന്ന രീതി സ്വീകരിക്കണം. ഉത്തരം കണ്ടെത്തുന്നതിനായി പുസ്തകം വായിക്കുകയും അടയാളപ്പെടുത്ത കയുമാവാം. സാധാരണ ക്ലാസ്സിൽ നടക്കുന്ന ആശയ ഗ്രഹണത്തിനുള്ള പ്രവർത്തനങ്ങളിൽ നിന്നു എന്തുമാറ്റമാണ് കുട്ടികളിൽ കാണാൻ കഴിഞ്ഞത് ? കുട്ടികളുടെ പങ്കാളിത്തം എങ്ങനെ ?

**4. ശ്രാവ്യവായന (30 മിനിറ്റ്)**

'ഒരു അവധിക്കാലത്ത്' എന്ന ഭാഗം എല്ലാവരും സ്വന്തമായി വായിക്കുന്നു. ശേഷം നാലാംഗ ഗ്രൂപ്പി ഓരോരുത്തരും മറ്റുള്ളവർക്ക് കേൾക്കുന്ന തരത്തിൽ വായിക്കുന്നു. ഇങ്ങനെ വായിക്കുമ്പോ എന്തെല്ലാം കാര്യം ശ്രദ്ധിക്കുന്നു. ഉറക്കെ വായിക്കണം. അക്ഷരങ്ങൾ വ്യക്തമാകും വിധം വാ ക്കണം ആശയം വ്യക്തമാകും വിധം വായിക്കണം. ഗ്രൂപ്പിൽ ഒരാൾ വായിക്കുമ്പോൾ മറ്റുള്ളവ ശ്രദ്ധിക്കണം. ഗ്രൂപ്പിൽ എല്ലാവരും വായിക്കുമ്പോഴാണ് മികച്ച ഗ്രൂപ്പാക്കുക. തുടർന്ന് ഗ്രൂപ്പുകൾ തമ്മി ലുള്ള വായന ഓരോ ഗ്രൂപ്പിൽ നിന്നും വായിക്കേണ്ടത് ആരെന്ന് മറ്റു ഗ്രൂപ്പുകൾ തീരുമാനിക്കും. കുട്ടി കളുടെ വായന സൂചകം വെച്ച് മറ്റു ഗ്രൂപ്പുകൾ വിലയിരുത്തും. ശേഷം അധ്യാപികയുടെ വായന കുട്ടികൾ വിലയിരുത്തും. വീണ്ടും രണ്ടംഗ ഗ്രൂപ്പിൽ പരസ്പരവായന.

**പ്രതികരണ പേജിലേക്ക്**

വായന കുട്ടികൾക്ക് വെല്ലുവിളിയുയർത്തിയോ ?എല്ലാവരും പങ്കെടുത്തുവോ ? സമയം കൂടുതലായ എടുത്തുവോ ? ഈ പ്രക്രിയ തുടർന്നാൽ ഭാവിയിലും ഇത്രസമയം വേണ്ടിവരുമോ ? കുട്ടികൾക്ക വായിക്കാനുള്ള ആത്മവിശ്വാസം കൂടിയിട്ടുണ്ടോ ? കുട്ടികളുടെ വായനയെ കുറിച്ച് ഞാൻ മനസ്സില ക്കിയത്

**5. ആശയം ക്രമപ്പെടുത്താം (40 മിനിറ്റ്)**

ഇനി ഒരു ഗ്രൂപ്പു മത്സരം - അഞ്ചംഗഗ്രൂപ്പുകളുണ്ടവണം. (ഗ്രൂപ്പാവാൻ ഒരു മിനിറ്റ് മാത്രം) എല്ലാ ഗ്രൂപ്പുകൾക്കും പാഠഭാഗത്തിലെ വാക്യങ്ങൾ എഴുതിയ കടലാസ് നൽകുന്ന പാഠപുസ്തകം പരിശോ ധിച്ച് അത് ക്രമപ്പെടുത്തണം. ഇതാണ് മത്സരം ഏതു ഗ്രൂപ്പാണ് ആദ്യം ചെയ്തു തീർക്കുക അവർക്ക വിജയം. പോയിന്റ് ലഭിക്കും. ഒരു ഗ്രൂപ്പ് ശരിയാക്കിയാൽ ഒരു റൗണ്ട് കഴിയും. മറ്റു ഗ്രൂപ്പുകൾക്ക് ക്രമ പ്പെടുത്താൻ രണ്ട് മിനിട്ടു കൂടി അനുവദിക്കും. തുടർന്ന് അടുത്ത റൗണ്ട്. വീണ്ടും വാക്യങ്ങൾ കൂട്ടി ക്കലർത്തി നൽകണം. രണ്ടുതവണ ആവർത്തിക്കുമ്പോൾ എല്ലാ ഗ്രൂപ്പുകളും വേഗത്തിൽ ക്രമപ്പെട

ത്തുന്നുണ്ട് എന്നുറപ്പിക്കണം. പോയിന്റ് കൂട്ടി വിജയിച്ച ഗ്രൂപ്പുകളെ അഭിനന്ദിക്കുന്നു. ക്ലാസിനു ശേഷം കുട്ടികൾക്ക് ഈ കളി തുടരാം. ഇത് പിന്നാക്കക്കാരെ കൂടി ഉദ്ദേശിച്ചുള്ള പ്രക്രിയയാണ്.

**പ്രതികരണ പേജിലേക്ക്**

ഈ പ്രവർത്തനം എങ്ങനെ അനുഭവപ്പെട്ടു ? പങ്കാളിത്തം, താല്പര്യം എങ്ങനെ ? വായനയിൽ പുരോഗതിയുണ്ടാകുന്നുണ്ടോ ? ഞാൻ തിരിച്ചറിഞ്ഞ കാര്യങ്ങൾ ?

**6. എഴുതാം (40 മിനിറ്റ്)**

പദങ്ങൾ ചേർത്തെഴുതാനും വിശേഷണങ്ങൾ ചേർത്തെഴുതാനും കുട്ടികൾക്ക് അവസരമുണ്ടാവണം. ഇതിനു സഹായിക്കുന്ന പ്രവർത്തനമാണിത്. കുട്ടികളെ ഏഴ് ഗ്രൂപ്പുകളാക്കുന്നു. റോഡ്, പുഴ, തോട്, പാടങ്ങൾ, കെട്ടിടങ്ങൾ, മുറ്റം, മലനിരകൾ, എന്നിങ്ങനെ ബോർഡിലെഴുതിയിടണം. ഇതു പറഞ്ഞു കൊണ്ടാണ് കുട്ടികൾ ഗ്രൂപ്പാവേണ്ടത്. ഓരോ പേര് പറഞ്ഞ കുട്ടിൾ ഗ്രൂപ്പുകളാവുന്നു. അവരുടെ ഗ്രൂപ്പിന്റെ പേരിനേട് ചില പദങ്ങൾ ചേർത്ത് എഴുതണം. ഉദാ : റോഡ് - വീതിയുള്ള റോഡ്. ഇത്ത രത്തിൽ എത്ര പദങ്ങളുണ്ടാക്കാൻ കഴിയും. ഗ്രൂപ്പിലെ ഓരോ കുട്ടിയും സ്വന്തമായി പദം ഉണ്ടാക്കു ന്നു. (5 മിനിട്ട്) ഗ്രൂപ്പിൽ വായിച്ചവതരിപ്പിക്കുന്നു. അവ ശരിയാണോ എന്ന് ചർച്ച ചെയ്യണം. അവ കൂട്ടിച്ചേർക്കുന്നു. വിശേഷണം ചേർത്തെഴുതാം. വിശേഷണങ്ങൾ ചേർത്ത് പദങ്ങൾ, വാക്യങ്ങൾ തന്റെ ഗ്രൂപ്പിന്റെ പേര് വട്ടത്തിൽ എഴുതുന്നു. ഉദാ : റേഡ് അതുമായി ബന്ധപ്പെട്ട് ചേർത്തെഴുതാവുന്ന പദങ്ങൾ പദസൂര്യനിൽ എഴുതുന്നു. ഉദാ : വളഞ്ഞ റോഡ്, എഴുതിയ പദങ്ങൾ ഗ്രൂപ്പിൽ അവതരണം. കൂട്ടിച്ചേർക്കൽ. പദങ്ങൾ ഉപയോഗപ്പെടുത്തി വാക്യ നിർമ്മാണം. പുസ്തകത്തിൽ എഴുതുന്നു. ഗ്രൂപ്പിൽ പങ്കുവെക്കൽ, ഓരോരുത്തരും വായിച്ചവതരണം മെച്ചപ്പെടുത്തുന്നു. പേജ് 13 ലെ എഴുതാം എന്ന പ്രവർത്തനം കുട്ടികൾ പൂർത്തിയാക്കുന്നു. എല്ലാവരും പൂർത്തിയാക്കി എന്ന് ഗ്രൂപ്പ് ലീഡർ ഉറപ്പ് വരു ത്തണം.

**വായനാസാമഗ്രി**

വീതിയുള്ള കറുത്ത റോഡ്, കരകവിഞ്ഞൊഴുകുന്ന പുഴ, വളഞ്ഞുപുളഞ്ഞ് കിടക്കുന്നതോട്, സ്വർണ്ണക്ക തിരുള്ള പാടങ്ങൾ, ആകാശം മുട്ടുന്ന കെട്ടിടങ്ങൾ, പുല്ലു നിറഞ്ഞ മുറ്റം, ഉയർന്നു നിൽക്കുന്ന മലനി രകൾ

**പ്രതികരണം പേജിലേക്ക്**

എല്ലാവർക്കും ചെയ്യാൻ കഴിഞ്ഞോ ? ഏതു ഘട്ടത്തിലാണ് കുട്ടികൾക്ക് പ്രയാസം അനുഭവപ്പെട്ടത് ? തിരിച്ചറിവുകൾ എന്തെല്ലാം ?

**7. വാക്യം മാറ്റി എഴുതാം (30 മിനിറ്റ്)**

പേജ് 13-14 പറഞ്ഞിരിക്കുന്ന വാക്യം മാറ്റി എഴുതാം എന്ന പ്രവർത്തനം കുട്ടികൾ വായിക്കട്ടെ. എത്ര പേർക്ക് ചോദ്യം വായിച്ച് ആശയം കണ്ടെത്താൻ കഴിഞ്ഞു. ചർച്ചയിലൂടെ എല്ലാവർക്കും ചോദ്യം ഉൾക്കൊള്ളാൻ അവസരം നൽകുന്നു. വ്യക്തിഗതമായി അടിവരയിട്ട പദം മാറ്റി എഴുതുന്നു. ഗ്രൂപ്പിൽ പങ്ക് വെക്കുന്നു. പൊതു അവതരണം. പുതിയ വാക്യങ്ങൾ നിർമ്മിക്കാൻ അവസരം നൽകുന്നു. അവ തരണം - ചർച്ച. ടീച്ചർ തയ്യാറാക്കിയ വാക്യങ്ങൾ ബോർഡിൽ/ ചാർട്ടിൽ എഴുതുന്നു. കുട്ടികൾ വായിക്കുന്നു. നോട്ട്ബുക്കിലേക്ക് എഴുതാം.

**പ്രതികരണ പേജിലേക്ക്**

കുട്ടികൾ പ്രവർത്തനം എത്രത്തോളം ഏറ്റെടുത്തു. ? കുട്ടികളുടെ നിലവാരം എങ്ങനെ ? തിരിച്ചറി വുകൾ എന്തെല്ലാം ?

**8. ആശയം ക്രമപ്പെടുത്തിപ്പറയാം. (30 മിനിറ്റ്)**

സ്കൂളിൽ ഇന്നലെ നടക്കുന്ന കാര്യങ്ങൾ നിങ്ങൾ ഓരോരുത്തരായി പറയണം. കുട്ടികൾ പറയു മ്പോൾ ടീച്ചർ ബോർഡിൽ എഴുതുന്നു. ഇനി ആദ്യം വാങ്ങുന്നതു തന്നെയാണോ ആദ്യം നടന്നത്. ഇതിനെ ക്രമപ്പെടുത്താമോ ? കുട്ടികൾ ക്രമത്തിൽ വായിക്കാൻ ശ്രമിക്കുന്നു. ക്രമത്തിൽ ബോർഡിൽ എഴുതുന്നു. ടീച്ചർ പേജ് 14 ലെ ആശയം ക്രമപ്പെടുത്താനുള്ള പ്രവർത്തനത്തിൽ നൽകിയ വാക്യ ങ്ങൾ അടങ്ങിയ ഒരു നറുക്ക് നാലംഗ ഗ്രൂപ്പുകളിൽ നൽകുന്നു. ഓരോരുത്തരും ഒരു നറുക്ക് വീതം എടുക്കുന്നു. എല്ലാവരും ഉള്ളടക്കം പ്രദർശിപ്പിക്കുന്നു. ഇതിൽ ആദ്യം നടന്നതേത്, അടുത്തവ ഏത് എന്നിങ്ങനെ പാഠപുസ്തകം പരിശോധിച്ച് ക്രമത്തിലാക്കുന്നു. ഗ്രൂപ്പുകളുടെ അവതരണം. മറ്റുഗ്രൂപ്പു കൾ വിലയിരുത്തുന്നു. തെറ്റുകൾ തിരുത്തുന്നു.

**9. പറയാം എഴുതാം (40 മിനിറ്റ്)**

ഒരു അവധിക്കാലത്ത് എന്ന ഭാഗവുമായി നാം കുറേ പ്രവർത്തനങ്ങൾ ചെയ്തു. അവ ഓരോന്നായി ഓർത്തെടുക്കണം. ടീച്ചർ ചർച്ച നയിക്കുന്നു. കുട്ടികൾ കൂട്ടിച്ചേർക്കുന്നു. ഇനി നന്ദയും അഭിനന്ദും

എന്തെല്ലാം കാഴ്ചകളാണ് പട്ടണത്തിലും നാട്ടിലും കണ്ടത്. ഒന്നു പറഞ്ഞു നോക്കൂ. കുട്ടികളെ ജോ കളാക്കുന്നു. ഒരാൾ പട്ടണം മറ്റേ ആൾ ഗ്രാമം. പരസ്പരം പറയണം. ഒരാൾ ഒന്നു പറഞ്ഞാൽ പി അടുത്തയാൾ ഒരു കാഴ്ച പറയണം (5 മിനിട്ട്) തുടർന്ന് ഗ്രാമക്കാർ ഒരു ഗ്രൂപ്പും പട്ടണക്കാർ ഗ്രൂപ്പും ചോദ്യോത്തരപ്പയറ്റ് രൂപത്തിൽ പറയണം. ഗ്രാമത്തിൽ എന്തുണ്ട് ? ഗ്രാമത്തിൽ മരമുണ്ട്. ണത്തിലെന്തുണ്ട്? പട്ടണത്തിൽ ഫ്ലാറ്റുണ്ട്. കളി തുടരുന്നു. പാഠപുസ്തകത്തിലില്ലാത്തതും പ ട്ടെ. തുടർന്ന് പട്ടണക്കാഴ്ചകളും ഗ്രാമക്കാഴ്ചകളും രണ്ടു കോളങ്ങളിലായി എഴുതണം. പാഠപുസ് മുൻ പ്രവർത്തനങ്ങൾ എന്നിവ പരിശോധിക്കാം. പട്ടണം, ഗ്രൂപ്പ് പട്ടണക്കാഴ്ചകളും ഗ്രാമം ഗ്രാമത്തിലെ കാഴ്ചകളും സംബന്ധിച്ച് ഒരു ചെറുവിവരണം തയ്യാറാക്കുന്നു. (വ്യക്തിഗതം) ഗ്രൂപ്പ മെച്ചപ്പെടുത്തുന്നു. അവതരണം സൂചകങ്ങൾ കുട്ടികളുടെ പങ്കാളിത്തത്തോടെ തയ്യാറാക്കുന്നു. അ യങ്ങൾ മുഴുവൻ വന്നിട്ടുണ്ട്. വാചകങ്ങളിൽ വാക്കുകളുടെ ക്രമം മാറിയിട്ടില്ല, വാചകങ്ങളിൽ വാ കൾ വിട്ടുപോയിട്ടില്ല, അക്ഷരത്തെറ്റില്ലാതെ ചിഹ്നം ഉപയോഗിച്ച് എഴുതിയിരിക്കുന്നു. ആശയങ്ങ കൃത്യമായി ക്രമീകരിച്ചിരിക്കുന്നു. ഗ്രൂപ്പുകൾ സൂചകം വെച്ച് വിലയിരുത്തുന്നു. ചർച്ച, ടീച്ചർ വേർഷ അവതരണം.

**പട്ടണം**

പട്ടണത്തൽ ധാരാളം വാഹനങ്ങൾ ഉണ്ട്. ജനത്തിരക്ക് വളരെ കൂടുതലാണ്. കച്ചവടക്കാരും കടക പട്ടണത്തിൽ ധാരാളമുണ്ട്. വാഹനങ്ങൾ കൂടുന്നതിനാൽ പുകയും പൊടിയും നിറഞ്ഞിരിക്കും. എ സാധനങ്ങളും വാങ്ങാൻ കിട്ടും. ജനത്തിരക്ക് കൂടുന്നതിനാൽ മാലിന്യങ്ങളും അധികമാണ്. ശു മായ കുടിവെള്ളം കിട്ടുകയില്ല.

**ഗ്രാമം**

ശാന്തമായ അന്തരീക്ഷമാണ്. ശുദ്ധവായു, ശുദ്ധജലം എന്നിവ ഗ്രാമത്തിൽ സുലഭമാണ്. ആധുന സൗകര്യങ്ങൾ പട്ടണത്തിലേതു പോലെയുണ്ടാവില്ല. ഭക്ഷ്യവസ്തുക്കൽ കുറെയൊക്കെ കൃഷി ചെയ് ണ്ടാക്കുന്നവർ ഇപ്പോഴും ഉണ്ട്. നഗരത്തിലെപോലെ ജനത്തിരക്ക് ഇവിടെ ഇല്ല. കുന്നും കുളി പാടവും പറമ്പും കണ്ണിനു കുളിരേകുന്ന നിരവധി കാഴ്ചകളും നമ്മുടെ ഗ്രാമങ്ങളിലുണ്ട്. കുട്ടിക ടീച്ചർ വേർഷൻ കോപ്പി വിതരണം ചെയ്യുന്നു. സ്വന്തം രചനയുമായി താരതമ്യം ചെയ്യുന്നു. മിക കൾ കണ്ടെത്തുന്നു.

**പ്രതികരണ പേജിലേക്ക്**

**10. എഡിറ്റിംഗ്**

എഡിറ്റിംഗ് ഒരു ഗ്രൂപ്പിന്റെ രചന എഡിറ്റിംഗിനായി തെരഞ്ഞെടുക്കുന്നു. (1 പട്ടണം, 1 ഗ്രാമം) ടീ വിശകലന ചോദ്യങ്ങളിലൂടെ എഡിറ്റ് ചെയ്യുന്നു. ആശയങ്ങൾ എല്ലാം വന്നിട്ടുണ്ടോ? വാക്കുക ക്രമം തെറ്റാതെ എഴുതിയോ? വാക്യങ്ങളിൽ വാക്കുകൾ വിട്ടുപോയിട്ടുണ്ടോ? അനുയോജ്യമായ ങ്ങൾ ഉപയോഗിച്ചിട്ടുണ്ടോ? അക്ഷരം, ചിഹ്നം തെറ്റാതെ എഴുതിയിട്ടുണ്ടോ? തുടങ്ങിയ ചോദ്യങ്ങ ചോദിച്ച് എഡിറ്റ് ചെയ്യുന്നു. മറ്റു രചനകൾ ഇതിന്റെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു. ഓരോ ഗ്രൂപ്പും ഓരോ ചാർട്ടിലേക്ക് മികച്ച രചനകൾ മാറ്റിയെഴുതുന്നു. അനുയോജ്യമായ ചിത്രങ്ങളും ക്കുകയോ ഒട്ടിക്കുകയോ വേണം. പതിപ്പ് പ്രഥമാധ്യാപിക പ്രകാശനം ചെയ്യട്ടെ.

**പ്രതികരണ പേജിലേക്ക്**

പ്രീ-ടെസ്റ്റിൽ നിന്നും എത്ര കുട്ടികൾക്ക് പുരോഗതിയുണ്ട്. ഇനിയും നിലനിൽക്കുന്ന പ്രശ്നം കാരണ എന്ത്?